(ബി) ഡിഗ്രി ഇല്ലാത്തതുമൂലം നാളിതുവരെ ആർക്കെങ്കിലും പ്രൊമോഷൻ ലഭിക്കാതെ പോയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ;

(സി) നിലവിൽ ഡിഗ്രിയില്ലാത്ത 45 വയസ്സിന് മുകളിലുള്ളവർക്ക് ഡിഗ്രി എടുക്കുവാനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സീനിയോറിറ്റി മാത്രം മാനദണ്ഡമാക്കി പ്രൊമോഷൻ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 16-2-2011-ലെ ജി.ഒ.(പി) നമ്പർ 44/2011/എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരമാണ് ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനത്തിന് ഡിഗ്രി നിർബന്ധമാക്കിയത്.

(ബി) ഡിഗ്രി ഇല്ലാത്തതുമൂലം 89 പേർക്ക് നാളിതുവരെ പ്രൊമോഷൻ ലഭിക്കാതെ പോയിട്ടുണ്ട്.

(സി) ഇല്ല. സ്പെഷ്യൽ റൂൾ നിലവിലുള്ള സാഹചര്യത്തിൽ അതിനനുസൃതമായി മാത്രമേ പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുള്ളൂ.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

24 (3226) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; അംഗത്വം ലഭിച്ച ആകെ മെമ്പർമാർ എത്ര ; വ്യക്തമാക്കുമോ;

(ബി) പെൻഷൻ ആനുകൂല്യം നൽകുന്നതിന് വേണ്ടി 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ബഡ്ജറ്റിൽ നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 6989 പേരുടെ അംഗത്വം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി, സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും 90 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷത്തിലും 51.40 ലക്ഷം രൂപ, 2012-13 സാമ്പത്തിക വർഷത്തിലും സർക്കാരിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കൂടാതെ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് പെൻഷൻ കുടിശ്ശിക നൽകുന്നതിനായി സിനിമാ സെസ്സിൽനിന്നും വരുമാനം ലഭിക്കുമ്പോൾ തിരിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽ രണ്ടുകോടി രൂപ 2014-15 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. പെൻഷൻ നൽകുന്നതിനുവേണ്ടി നാളിതുവരെ മൊത്തം 4,28,96,000 രൂപ ചെലവായിട്ടുണ്ട്. (സർക്കാരിൽനിന്നും ലഭിച്ച ഫണ്ടിനു പുറമേ, അംഗങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള അംശദായം, ചുരുക്കം ചില തീയേറ്ററുകളിൽനിന്നും സെസ്സ് മുഖേന ലഭിച്ച വരുമാനം എന്നിവ ഉപയോഗിച്ചാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയത്.)

(സി) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി നിലവിൽവന്നതിനെതുടർന്ന്, 2013 ജനുവരി മാസം മുതൽ പെൻഷൻ നൽകി വരുന്നു. പെൻഷൻ നൽകിയതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

ക്രമ നമ്പർ	മാസം	പെൻഷൻ ലഭിച്ചവരുടെ എണ്ണം
(1)	(2)	(3)
1	2013 ജനുവരി	472
2	ഫെബ്രുവരി	472
3	മാർച്ച്	727
4	ഏപ്രിൽ	758
5	മേയ്	803
6	ജൂൺ	803
7	ജൂലൈ	878
8	ആഗസ്റ്റ്	911
9	സെപ്റ്റംബർ	927

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
10	ഒക്ടോബർ	946
11	നവംബർ	956
12	ഡിസംബർ	1069
13	2014 ജനുവരി	1143
14	ഫെബ്രുവരി	1157
15	മാർച്ച്	1257
16	ഏപ്രിൽ	1354
17	മേയ്	1438
18	ജൂൺ	1482
19	ജൂലൈ	1479
20	ആഗസ്റ്റ്	1478
21	സെപ്റ്റംബർ	1477
22	ഒക്ടോബർ	1476
23	2015 ഏപ്രിൽ	1470
24	മേയ്	1465
25	ജൂൺ	1463 (2014 നവംബർ-ഡിസംബർ മാസങ്ങളിലെ കുടിശ്ശിക സഹിതം)
26	ജൂലൈ	1461
27	ആഗസ്റ്റ്	1458 (2015 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക സഹിതം)
28	സെപ്റ്റംബർ	1572
29	ഒക്ടോബർ	1568
30	നവംബർ	1567
31	ഡിസംബർ	1567

2014 നവംബർ മുതൽ 2015 മാർച്ച് വരെ മുടങ്ങിയിരുന്ന പെൻഷന്റെ നാല് മാസത്തെ കുടിശ്ശിക നൽകിക്കഴിഞ്ഞു. ഒരു മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. കുടിശ്ശിക നൽകുന്നതിനാവശ്യമായ ഫണ്ടില്ലാത്തതിനാലാണ് അവ നൽകാൻ കഴിയാത്തത്.